**580**

കാരുണ്യക്കടലീശൻ കാവലുനിക്കനിശം
കാരിരുൾ വേളകളിൽ എന്നെ കാത്തിടും തൻകരത്തിൽ-

1 വഞ്ചകരുടെ കടുംകൊടുമയിലെൻ മനം ചഞ്ചലപ്പെട്ടിടുകിൽ-അവൻ
തഞ്ചം തൻ തിരുനെഞ്ചിൽ തരും ഞാനഞ്ചിടാതാശ്വസിക്കും-

2 മൃത്യുവിൻ താഴ്‌വരയെത്തുകിലവിടവൻ കൂട്ടിനു കൂടെവരും-എന്റെ
ശത്രുക്കൾ കാൺകെ വിരുന്നൊരുക്കും നല്ല മിത്രമാണെനിക്കു-

3 ദൈവികഹിതം നിറവേണമതു മമ ജീവിതലക്ഷ്യമതാൽ-ഇനി
ജീവൻ മരണമെന്തായാകിലും ഞാൻ കർത്താവിന്നുള്ളവനാം-

4 ചെങ്കടൽ പിരിയും യോർദ്ദാൻ പിളരും തൻകരബലത്താലെ-പിന്നെ
സങ്കടമെന്തിനു ജീവിതമരുവിൽ താൻ മതിയൊടുവോളം- **M.E.C.**